**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **08-12-2022 - ൽ മറുപടിയ്ക്ക്**

**നൈറ്റ് ലൈഫ് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ് എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി അവയെ 5 സോണുകളായി തരംതിരിച്ച് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'സ്ട്രീറ്റ്' പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം മേഖലകളിലും നഗരങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം മേഖലകളിലും നഗരങ്ങളിലും പ്രസ്തുത നൈറ്റ് ലൈഫ് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നു. |
| (സി) | പ്രസ്തുത ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ പരമ്പരാഗത കലകളും രുചികളും ആസ്വദിക്കുന്നതിന് | (സി) | ഇപ്പോൾ കനകക്കുന്നിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നൈറ്റ് ടൂറിസം പദ്ധതിയിൽ കേരളത്തിന്റെ പരമ്പരാഗത കലകളും രുചികളും |

| | | | |
|---|---|---|---|
| | മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുവാൻ ഉതകും വിധമുള്ള അടിസ്ഥാന സൗകര്യവികസനം ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനായി പവലിയനുകളും ഫുഡ് സ്ട്രീറ്റിന്റെ ഭാഗമായി ഷോപ്പ് കിയോസ്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഫുഡ് സ്ട്രീറ്റുകൾ സാധ്യമാകുന്ന പ്രദേശങ്ങളിലെല്ലാം തദ്ദേശീയ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.<br><br>കൾച്ചറൽ എക്സ്പീരിയൻസിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനിൽ 3000-ത്തോളം കലാകാരന്മാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ കലാകാരന്മാരെ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലെയും വിവിധ ഫെസ്റ്റിവൽ കലണ്ടറുകൾ ഉത്തരവാദിത്ത ടൂറിസം മിഷനും ഡി. റ്റി. പി. സി യും തയ്യാറാക്കി വരുന്നുണ്ട്. അത് വഴി ഉത്തരവാദിത്ത ടൂറിസം മിഷൻ കൾച്ചറൽ പാക്കേജുകൾ നടത്തി വരുന്നുണ്ട് |
| (ഡി) | പ്രസ്തുത ടൂറിസത്തിന്റെ ഭാഗമായി വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കുറ്റമറ്റ സുരക്ഷാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് കുറ്റമറ്റ സുരക്ഷ ഏർപ്പാടാക്കുന്നതിനായി തിരുവനന്തപുരം കനകക്കുന്നിൽ കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മറ്റ് നടപടികളും സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ